പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2796** — 02/04/2013 ൽ മറുപടിയ്ക്ക്

## എലവഞ്ചേരി പഞ്ചായത്തിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ എലവഞ്ചേരി വില്ലേജിലുള്ള കൊളുമ്പ്, പോക്കാമട മലയോര കർഷകരുടെ കൈവശമുള്ള 50 വർഷത്തോളം പഴക്കമുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) വനം വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംയുക്ത പരിശോധനയ്ക്ക് തീയതി നിശ്ചയിക്കുന്നതിനായി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) 50 വർഷമായി കർഷകരുടെ കൈവശത്തിലും അനുഭവത്തിലുമുള്ള ഭൂമി, കൈവശഭൂമി, വനഭൂമി എന്നിവ വേർതിരിച്ച് സ്കെച്ചിലോ, ബി.ടി. ആറിലോ ഇല്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) പ്രസ്തുത ഭൂമി അളന്നു കൊടുക്കുന്നതിന് സംയുക്ത പരിശോധന ആവശ്യമാണോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) ആവശ്യമാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറയിൽ നിന്നും സംയുക്ത പരിശോധന തീയതി അറിയിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. അറിയിപ്പു ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി കൈക്കൊള്ളുന്നതാണ്. |
| (ഡി) പ്രസ്തുത വിഷയം സംബന്ധിച്ച പരാതി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ വന്നതാണോ; പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ഡി) അതെ. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറയിൽ നിന്നും സംയുക്ത പരിശോധന തീയതി അറിയിക്കുന്നതിനായി നിർദ്ദേശം ചിറ്റൂർ തഹസീൽദാർക്ക് നൽകിയിട്ടുണ്ട്. |
| (ഇ) എലവഞ്ചേരി പഞ്ചായത്തിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി കർഷകർക്ക് എന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഇ) സംയുക്ത പരിശോധന നടത്തിയതിനു ശേഷമേ ഇക്കാര്യത്തിൽ അന്തിമ തിരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ